# O.S.S.A.E.
## വാർഷിക പരീക്ഷ 2016

Class IV 04-12-2016, Sunday 11 AM to 1 PM Marks 50

**പേരുപറയുക (1–5)** 5

1. യൗസേഫിനോട് അലിവുതോന്നിയ സഹോദരൻ?
2. അമേരിക്കൻ പ്രസിഡന്റായിത്തീർന്ന സത്യസന്ധനായിരുന്ന ബാലൻ?
3. പ്രവാചകന്മാരുടെ തലവൻ?
4. യോഹന്നാൻ സ്നാപകന്റെ മാതാവ്?
5. ലോകത്തിന്റെ വെളിച്ചമായി അറിയപ്പെടുന്നത് ആരാണ്?

**വലതുവശത്തെ വൃത്തത്തിൽനിന്നും ശരിയുത്തരം എടുത്തെഴുതുക (6–10)** 5

6. 'വി. കുർബ്ബാന' എന്ന വാക്കിനു പറയുന്ന മറ്റൊരു വാക്ക്.
7. യേശുക്രിസ്തു സ്നാനം ഏറ്റ നദി.
8. അബ്രഹാമിന്റെ ആദ്യപുത്രൻ.
9. വാഗ്ദത്ത പുത്രൻ.
10. യറുശലേം ദേവാലയത്തിൽവച്ച് യേശുക്കുഞ്ഞിനെ കൈയിൽ എടുത്തു പ്രാർത്ഥിച്ച ഒരു വൃദ്ധൻ.

യിസഹാക്ക്
കാറേബ്
ശിമയോൻ
യോർദ്ദാൻ
യിശ്മായേൽ

**താഴെ കൊടുത്തിരിക്കുന്ന പ്രസ്താവന ശരിയോ തെറ്റോ എന്നെഴുതുക (11–15)** 5

11. യൗസേഫിന്റെ സ്വപ്നത്തിന്റെ അർത്ഥം മനസ്സിലാക്കിയ സഹോദരൻ അവനെ സ്നേഹിച്ചു.
12. യിശ്മായേലിന്റെ മാതാവായിരുന്നു സാറ.
13. ആരാധനയിൽ സ്ലീബാ എന്ന വാക്കു വരുമ്പോൾ നാം കുരിശുവരയ്ക്കാറുണ്ട്.
14. പഴയനിയമ പുസ്തകങ്ങൾ ആദ്യം എഴുതപ്പെട്ടതു ഗ്രീക്ക് ഭാഷയിലാണ്.
15. ധൂപക്കുറ്റിയുടെ മുകൾത്തട്ട് സ്വർഗ്ഗത്തെ സൂചിപ്പിക്കുന്നു.

**താഴെ പറയുന്ന കാര്യങ്ങൾ ആരു പറഞ്ഞു (16–20)** 5

16. എന്നാൽ ആദ്യം വന്നവൻ ആര്?
17. നീ എന്റെ അടുക്കൽ വരുന്നുവോ?
18. നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത്.
19. നിനക്ക് എങ്ങനെ സൗഖ്യം ലഭിച്ചു?
20. നിനക്ക് മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കുവാൻ കഴിയും.

**ചേരുംപടി ചേർക്കുക (21–25)** 5

21. അബ്രഹാം - ബിൽഹ
22. യിസഹാക്ക് - സില്പ
23. ലേയ - കുർബ്ബാന
24. റാഹേൽ - ചിരി
25. എവുക്കാറിസ്തിയ - മെമ്രായുടെ തോപ്പ്

**ഒറ്റ വാക്കിൽ ഉത്തരം എഴുതുക (26–30)** 5

26. ഈജിപ്തിൽ ധാന്യം വിറ്റിരുന്നത് ആരുടെ മേൽനോട്ടത്തിൽ ആയിരുന്നു?
27. "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ, നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ." എന്ന പ്രാർത്ഥനയ്ക്കു പറയുന്ന പേര് എന്ത്?

28. “ഉറക്കമില്ലാത്ത ഉണർവ്വുള്ളവനെ...” എന്ന പ്രാർത്ഥനയുടെ മൂന്നാമത്തെ വാചകം എന്തിനെ സംബോധന ചെയ്യുന്നു?
29. ഹാബേൽ യാഗമായി അർപ്പിച്ചത് എന്തിനെയായിരുന്നു?
30. പാമ്പാടി കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് തിരുമേനിക്ക് കശ്ശീശാപട്ടം കൊടുത്തത് ആരായിരുന്നു?

**ഒറ്റവാചകത്തിൽ ഉത്തരം എഴുതുക (31–35)** **10**

31. കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ച് കുറ്റക്കാർ ആകുന്നത് എങ്ങനെയുള്ളവരാണ്?
32. യേശു ജനിച്ച് 40 ദിവസം കഴിഞ്ഞപ്പോൾ യേശുവിനെ ദൈവാലയത്തിൽ കൊണ്ടുപോയത് എന്തിനായിരുന്നു?
33. സാത്താൻ യേശുവിനെ പരീക്ഷിച്ചപ്പോൾ, ആദ്യ ചോദ്യത്തിന് ഉത്തരമായി യേശു പറഞ്ഞ മറുപടി എന്തായിരുന്നു?
34. പുരാതന ദൈവാലയങ്ങളിൽ മാമോദീസത്തൊട്ടി പള്ളിയോടു ചേർന്നുതന്നെയാണ് ഉണ്ടായിരുന്നത്— ഇത് എന്തിനെ സൂചിപ്പിക്കുന്നു?
35. താഴെപ്പറയുന്ന വേദവാക്യം പൂർത്തിയാക്കുക. (സദൃ. 12:19) “സത്യം പറയുന്ന അധരം എന്നേക്കും നിലനില്ക്കും. ...........................”

**താഴെ കൊടുത്തിരിക്കുന്ന വേദഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (36–39)** **4**

കുരുടനായിരുന്നവനെ ജനങ്ങൾ പരീശന്മാരുടെ അടുക്കൽ കൊണ്ടുപോയി. യേശു ചേറുണ്ടാക്കി അവന്റെ കണ്ണു തുറന്നത് ശബ്ബത്ത് നാളിൽ ആയിരുന്നു. അവൻ കാഴ്ച പ്രാപിച്ചത് എങ്ങനെ എന്ന് പരീശന്മാരും അവനോടു ചോദിച്ചു. അവൻ അവരോട്, അവൻ എന്റെ കണ്ണിന്മേൽ ചേറു തേച്ചു, ഞാൻ കഴുകി, കാഴ്ച പ്രാപിച്ചിരിക്കുന്നു എന്നു പറഞ്ഞു. പരീശന്മാരിൽ ചിലർ ഈ മനുഷ്യൻ ശബ്ബത്ത് പ്രമാണിക്കായ്കകൊണ്ട് ദൈവത്തിന്റെ അടുക്കൽനിന്നു വന്നവൻ അല്ല എന്നു പറഞ്ഞു. മറ്റു ചിലർ, പാപിയായ ഒരു മനുഷ്യന് ഇങ്ങനെയുള്ള അടയാളങ്ങൾ ചെയ്‌വാൻ എങ്ങനെ കഴിയും എന്നു പറഞ്ഞു.

36. കുരുടനായിരുന്നവനെ ജനങ്ങൾ ആരുടെ അടുത്തേക്കാണ് കൊണ്ടുപോയത്?
37. കുരുടന്റെ കണ്ണുതുറന്നത് ആര്?
38. കുരുടന്റെ കണ്ണു തുറന്നത് എങ്ങനെയായിരുന്നു?
39. ഈ പ്രവൃത്തിയിൽ ചില പരീശന്മാർ, അവൻ ദൈവത്തിൽനിന്നുള്ളവനല്ല എന്നു പറയുവാൻ കാരണമെന്ത്?
40. ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണചെയ്യണമെ, ഞങ്ങളുടെ കർത്താവേ, കൃപ ചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമെ, ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ശുശ്രൂഷയും നമസ്കാരവും കൈക്കൊണ്ട് ഞങ്ങളോടു കരുണചെയ്യേണമെ എന്നതിനു പകരം ക്രൂബേന്മാരുടെ സ്തുതിപ്പിൽ പറയുന്ന വാചകങ്ങൾ ഏവ? **$1^1/2$**

**താഴെപ്പറയുന്ന പ്രാർത്ഥന പൂർത്തിയാക്കുക** **$1^1/2$**

41. മരണമില്ലാത്ത ജീവനുള്ളവനെ നിന്റെ ........................... ഞങ്ങൾ വന്ദിപ്പാനായി മരണവും ............ ................... ഉറക്കത്തിൽനിന്ന് ഞങ്ങളുടെ ........................... നീ ജീവിപ്പിക്കണമെ.

**താഴെക്കൊടുത്തിരിക്കുന്ന ഗീതം പൂർണ്ണമാക്കുക** **3**

42. മോചനമതിനായ് ................... വരുവിൻ ...................
മുട്ടുന്നോർക്ക് ....................... നാഥൻ ...........................
യാചിക്കുന്നോൻ ..............................
അന്വേഷിപ്പോൻ ..............................